15405810/2022

E 6499485

14 SEP 2022
INFORMATION & PUBLIC RELATIONS DEPT.
THIRUVANANTHAPURAM
GOVERNMENT SECRETARIAT

കേരള സർക്കാർ

നമ്പർ.സി3/72/2022/I&PR

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തിയതി, 28-08-2022

## ഇ-ടെണ്ടർ നോട്ടീസ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങളായ സമകാലിക ജനപഥം, കേരള കോളിംഗ് എന്നിവയുടെ 2022 ഒക്ടോബർ മുതൽ 2023 സെപ്റ്റംബർ വരെയുള്ള കാലയളവിലെ അച്ചടി ജോലികൾ ചുവടെ സൂചിപ്പിച്ചിട്ടുള്ള സ്പെസിഫിക്കേഷനിൽ നിർവ്വഹിക്കുന്നതിന് താത്പര്യമുള്ളതും തിരുവനന്തപുരം നഗരത്തിലെ ആധുനിക സൗകര്യങ്ങൾ ഉള്ളതുമായ അച്ചടി സ്ഥാപനങ്ങളിൽ നിന്നും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നിബന്ധനകൾ പാലിച്ചു കൊണ്ട് മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു.

### 1. സമകാലിക ജനപഥം

കോപ്പികൾ : 3000 പ്രതിമാസം
പേജ് : 48 + 4 (കവർ)
സൈസ് : 19.7 X 27 cm
കളർ : മൾട്ടികളർ
പേപ്പർ : കവർ - 130 GSM Art paper
അകം പേജ് -65 ജിഎസ്എം LWC
ബൈൻഡിംഗ് : സെൻട്രൽ സ്റ്റാപ്ലിംഗ്

### 2. കേരള കോളിംഗ്

കോപ്പികൾ : 3000 പ്രതിമാസം
പേജ് : 48 + 4 (കവർ)
സൈസ് : 19.7 X 27 cm
കളർ : മൾട്ടികളർ
പേപ്പർ : കവർ - 130 GSM Art paper
അകം പേജ് -65 ജിഎസ്എം LWC
ബൈൻഡിംഗ് : സെൻട്രൽ സ്റ്റാപ്ലിംഗ്

ഓരോ പ്രസിദ്ധീകരണത്തിനും അധികം ഉപയോഗിക്കേണ്ടതായി വരുന്ന ഓരോ ഫോറത്തിനും പ്രത്യേക നിരക്ക് രേഖപ്പെടുത്തേണ്ടതാണ്. 3000 കോപ്പികൾക്കുള്ള നിരക്ക് കൂടാതെ 5000, 10,000, 15,000, 20,000 കോപ്പികളുടെ അച്ചടിയ്ക്കായി വേണ്ടി വരുന്ന നിരക്കും

രേഖപ്പെടുത്തേണ്ടതാണ്.

പൊതു നിബന്ധനകൾ

1. തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും സ്വന്തമായി പ്രസുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
2. മൂന്ന് കോടി രൂപയുടെ ടേൺ ഓവർ ഉള്ള സ്ഥാപനമായിരിക്കണം. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയമെങ്കിലും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം.
3. അച്ചടിക്കായി മാറ്റർ നല്കി കഴിഞ്ഞാൽ പരമാവധി അഞ്ചു ദിവസത്തിനകമോ വകുപ്പ് നിർദ്ദേശിക്കുന്നതിനനുസരിച്ചോ അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.
4. ഓരോ ലക്കം മാസികയ്ക്കും ഒപ്പം തപാലിൽ അയയ്ക്കുന്നതിനുള്ള പേപ്പർ റാപ്പർ കൂടി സൗജന്യമായി അച്ചടിച്ച് ലഭ്യമാക്കേണ്ടതാണ്. ഇത് തപാൽ വകുപ്പ് അനുശാസിക്കുന്ന തരത്തിൽ മാസികയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കവർ പൊട്ടിച്ച് നോക്കാതെ തന്നെ കാണത്തക്കവിധത്തിൽ ഡിസൈൻ ചെയ്യുതായിരിക്കണം. പേപ്പർ റാപ്പറിൽ മേൽ വിലാസം അച്ചടിക്കേണ്ടതാണ്.
5. മേൽവിലാസ പട്ടിക അച്ചടിച്ച് മാസികകൾ പോസ്റ്റ് ഓഫീസ് അടിസ്ഥാനത്തിൽ വേർതിരിച്ച് ആർ എം എസിൽ എത്തിക്കേണ്ട ചുമതല അച്ചടി സ്ഥാപനത്തിനായിരിക്കും.
6.അച്ചടിക്കൂലിയും നിയമാനുസൃതമായ നികുതിയും അല്ലാതെ മറ്റൊരു തുകയും അനുവദിക്കുന്നതല്ല. ആയതിനാൽ മറ്റ് ഫീസോ നിരക്കോ ബില്ലിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല.
7. ഓരോ മാസവും ആവശ്യമുള്ള കോപ്പികളുടെ എണ്ണം സംബന്ധിച്ച് നല്കുന്ന വർക്ക് ഓർഡർ പ്രകാരം കോപ്പികൾ അച്ചടിച്ച് ലഭ്യമാക്കേണ്ടതാണ്.
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്ന് മുമ്പ് അച്ചടി കരാർ ലഭിച്ച ശേഷം കരാർ ലംഘനം നടത്തിയ സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
9. അച്ചടിക്കടലാസുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
10. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവ്വഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക. ഉന്നത ഗുണനിലവാരത്തിലും വേഗത്തിലും അച്ചടിക്കാനുള്ള അത്യാധുനിക യന്ത്രസംവിധാനം പ്രസ്സുകളിൽ ഉണ്ടായിരിക്കണം. പ്രസ്സിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാൻ ഡയറക്ടർക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.
11. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
12. ഓരോ പ്രസിദ്ധീകരണത്തിനും വെവ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

ഇ-ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി - 14/09/2022.
ഇ-ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി - 04/10/2022.
ഇ-ടെണ്ടർ തുറക്കുന്ന തീയതി - 06/10/2022.

ജാഫർ മാലിക് ഐ എ എസ്
ഡയറക്ടർ